"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭൂരഹിത ഭവന രഹിത ഗുണഭോക്താവായ അനൂപ് ബി. ഇന്ദ്രൻ, കാവുളളതിൽ, ഈരേഴ തെക്കിന് ലൈഫ് ചിറ്റിലപ്പിളളി പദ്ധതി പ്രകാരം അനുവദിച്ച ഭൂമി ശ്രീമതി സുലേഖ ഭായി സജിന് നൽകി കൊണ്ട് പകരം ഭൂമി നൽകുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1529/2025/LSGD തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-

1. ശ്രീമതി സുലേഖ ഭായി സജിന്റെ 26/02/2024 ലെ അപേക്ഷ
2. മാവേലിക്കരതെക്കേക്കര ഗ്രാമപഞ്ചായത്തിലെ 11/06/2024 ലെ സാധാരണ യോഗത്തിന്റെ 21(1) ാം നമ്പർ തീരുമാനം.
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/04/2025 ലെ എൽ.എം5/2195/2021/ലൈഫ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലൈഫ്- ഭൂരഹിത ഭവന രഹിത ഗുണഭോക്താവായ ശ്രീ. അനൂപ് ബി. ഇന്ദ്രൻ, കാവുളളതിൽ, ഈരേഴ തെക്ക് ലൈഫ് ചിറ്റിലപ്പിളളി പദ്ധതി പ്രകാരം 27/12/2023 ന് മുളളിക്കുളങ്ങര മാനാപ്പുഴ വീട്ടിൽ ശ്രീകുമാറിൽ നിന്നും 4 സെന്റ് സ്ഥലം മാവ്വേലിക്കര സബ് രജിസ്ട്രാർ ഓഫീസിലെ 2386/1/2023 നമ്പർ ആധാര പ്രകാരം വിലയ്ക്ക് വാങ്ങിയിരുന്നു. പിന്നീട് ശ്രീകുമാറിന്റെ സഹോദര ഭാര്യയായ ശ്രീമതി. സുലേഖ ഭായി സജിൻ തന്റെ ഭർത്താവും ടിയാളുടെ മാതാപിതാക്കളും അന്ത്യ വിശ്രമം കൊള്ളുന്ന സ്ഥലമാണെന്നും, ടി സ്ഥലം തിരികെ നൽകണമെന്നും പകരം, ഇതേ അളവിൽ ഭൂമി വാങ്ങി നൽകാമെന്നും ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

കുടുംബപരമായ വൈകാരികതയും മാനുഷികതയും നിലനിൽക്കുന്നതിനാൽ, ഭൂമിയ്ക്ക് പകരം കണ്ടെത്തിയിട്ടുള്ള ഭൂമി ഗുണഭോക്താവിന്റെ പേരിൽ ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി പ്രകാരം

രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകാവുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ പുതുതായി കണ്ടെത്തിയ ഭൂമി ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിനുശേഷം, ഗുണഭോക്താവിന്റെ പേരിൽ ടി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് ലഭിച്ച ഭൂമി തിരികെ രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണെന്ന നിബന്ധനയോടെ ഇക്കാര്യത്തിൽ അനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് പരാമർശം 3 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ്- ഭൂരഹിത ഭവന രഹിത ഗുണഭോക്താവായ അനൂപ് ബി. ഇന്ദ്രൻ, കാവുള്ളതിൽ, ഈരേഴ തെക്ക് ന് ലൈഫ് ചിറ്റിലപ്പിള്ളി പദ്ധതി പ്രകാരം അനുവദിച്ച ഭൂമി ശ്രീമതി സുലേഖ ഭായി സജിന് മടക്കി നൽകി കൊണ്ട് പകരം ഭൂമി നൽകുന്നതിന്, ഗുണഭോക്താവിന്റെ പേരിൽ പകരം ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയ ശേഷം മാത്രമെ ലൈഫ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് നൽകിയ ഭൂമി മടക്കി നൽകൂ എന്ന് തെക്കേക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ശ്രീ. അനൂപ് ബി (മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ശ്രീമതി. സുലേഖ ഭായി സജിൻ (മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 20-06-2025 16:37:12
സെക്ഷൻ ഓഫീസർ